തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

ISO 9001-2015 സ്ഥാപനം

ബജറ്റ് 2022 - 23

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് 2022-2023

നമുക്ക് മഹാത്മാ ഗാന്ധിയെ ഓർമ്മിച്ചുകൊണ്ട് തുടങ്ങാം :

നിങ്ങൾ കണ്ടിട്ടുള്ളതിലും വച്ച് ഏറ്റവും ദരിദ്രനും ദുർബ്ബലനുമായവന്റെ മുഖം ഓർമ്മിക്കുക. എന്നിട്ട് സ്വയം ചോദിക്കുക, നിങ്ങൾ ഉദ്ദേശിക്കുന്ന നടപടി അവന് ഗുണപ്രദമാകുമോ?

സുഹൃത്തുക്കളേ,

2020-21 സാമ്പത്തിക വർഷാവസാനത്തിൽ അധികാരത്തിൽ വന്ന തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ രണ്ടാമത്തെ ബഡ്ജറ്റാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. പഴയ ഭരണസമിതി ആവിഷ്കരിച്ച് നടപ്പിലാക്കിയ വികസന കാഴ്ചപ്പാടുകളുടെ തുടർച്ച തന്നെയാണ് ഈ ബഡ്ജറ്റും. 2022-23 കാലയളവിലെ പ്രതീക്ഷിത വരുമാനങ്ങളും ചെലവുകളും വിശദമായി പ്രതിപാദിക്കുന്ന കണക്കുകളും ഇതോടൊപ്പമുണ്ട്. വിശദമായ ചർച്ചകൾക്കും അംഗീകാരത്തിനുമായി ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നു.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയത്രേ. അതിനു കഴിയണമെങ്കിൽ ജീവനോപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ വർദ്ധമാനമായ തോതിൽ ലഭ്യമാകണം. ഈ വിഭവങ്ങളുടെ വിതരണം നീതിപൂർവ്വമായി, സുതാര്യമായി നിർവ്വഹിയ്ക്കപ്പെടുമ്പോഴാണ് സാമൂഹ്യ നീതിയി ലധിഷ്ഠിതമായ ഒരു വികസന പരിപ്രേക്ഷ്യം രൂപം കൊള്ളുന്നത്. വികസനത്തിന്റെ സഞ്ചാരപഥങ്ങളിൽ ജാതിയും മതവും രാഷ്ട്രീയവും ഒന്നും തടസ്സമായി വന്നുകൂടാ. വികസന തേരിന് വിഘ്നങ്ങളൊന്നുമില്ലാതെ അനായാസം മുമ്പോട്ടു പോകുവാനാവണം.

പതിമൂന്നാം പഞ്ചവത്സര കാലയളവിൽ നമ്മൾ ആവിഷ്കരിച്ച വികസന തന്ത്രത്തിൽ ഊന്നിയുള്ള പ്രവർത്തനത്തെ തുടർന്ന് 14-ാം പഞ്ചവത്സര പദ്ധതിയിലെ

ആദ്യ വർഷത്തെ ബഡ്ജറ്റാണിത്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതവും പരിസ്ഥിതി സൗഹൃദപരവുമായ സുസ്ഥിര വികസനം സാധ്യമാക്കുന്ന വികസന സമീപനമാണ് 14-ാം പഞ്ചവത്സര കാലയളവിൽ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്നത്. നവകേരള സൃഷ്ടിക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന 4 മിഷൻ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടുകൾ ഈ വികസന സമീപനത്തിൽ ലയിച്ചു ചേർത്തിട്ടുണ്ട്.

മറ്റു പല ബ്ലോക്കു പഞ്ചായത്തുകളെയും പോലെ തന്നെ നമ്മുടെ പഞ്ചായത്തിനും തനതു ഫണ്ടുകൾ തീർത്തും കുറവാണ്. പ്രധാന വിഭവ സമാഹരണം കാലാകാലങ്ങളിൽ അനുവദിച്ചു കിട്ടുന്ന പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, ഐ.ഡബ്ല്യു.എം.പി./ പി.എം.കെ.എസ്.വൈ., നബാർഡ് സഹായം, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ എന്നിവയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് **21,53,70,000**/ (ഇരുപത്തിയൊന്ന് കോടി അമ്പത്തിമൂന്ന് ലക്ഷത്തിഎഴുപതിനായിരം) രൂപ വരവും, **21,39,74,500/** (ഇരുപത്തിയൊന്ന് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ് രൂപ) ചെലവും, **13,95,500/** (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ് രൂപ) മിച്ചവും പ്രതീക്ഷിക്കുന്നു.

2022-23 കാലയളവിൽ ദുരന്ത നിവാരണ പദ്ധതിക്കു വേണ്ടി രൂപീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ നിരവധി നിർദ്ദേശങ്ങൾ ഉയർന്നിരുന്നു. പശ്ചാത്തല വികസന മേഖലയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഒട്ടൊക്കെ ഈ നിർദ്ദേശങ്ങളോട് ചേർന്നു നിൽക്കുന്നവയാണ്. ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ക്രോഡീകരിച്ചു ലഭിക്കുന്ന നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും ചേർത്ത് മേൽത്തട്ട് നിർദ്ദേശങ്ങളായി നമുക്ക് ക്രോഡീകരിച്ച് നൽകുവാനാകും.

അഭയം

സ്വന്തമായൊരു വീട് ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ്. അന്തസ്സോടെയുള്ള ജീവിതത്തിന് ഇത് അത്യാവശ്യമാണ്. മാത്രമല്ല പാർപ്പിടം എന്നത് ഒരു പൗരന്റെ അവകാശവും കൂടിയാണ്. ഈ സ്വപ്നം സഫലമാക്കുവാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ കണ്ണി ചേരുവാൻ നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനും കഴിയുന്നു എന്നത് ഏറെ സന്തോഷകരവും അഭിമാനാർഹവുമാണ്. ലൈഫ് കേവലം ഒരു ഭവന നിർമ്മാണ

പദ്ധതിയ്ക്കപ്പുറം ജീവിത പുനരധിവാസം കൂടിയാണ്. ലൈഫ് പദ്ധതിയിലൂടെ നിർമ്മിയ്ക്കപ്പെടുന്ന വീടുകളിൽ തുടിക്കുന്ന ജീവിതമുണ്ട്. ഇതുവരെ കേരളത്തിൽ പൂർത്തിയാക്കപ്പെട്ട 2 ലക്ഷം വീടുകൾക്കൊപ്പം വിടർന്നു വിലസിക്കുന്നത് 2 ലക്ഷം നിറപുഞ്ചിരികൾ കൂടിയാണ്. കഴിഞ്ഞ രണ്ടു മൂന്നു വർഷക്കാലമായി കേരളത്തിൽ നടന്നു വരുന്ന ഈ നിശബ്ദ വിപ്ളവത്തിൽ നമ്മളും പങ്കാളികളാണ്. നമ്മുടെ പദ്ധതി വിഹിതത്തിൽ നിന്ന് ഏറ്റവും കൂടുതൽ തുക നീക്കിവയ്ക്കുന്നത് ഈ ആവശ്യത്തിനാണ്. ഈ വർഷം നമ്മൾ ജനറൽ വിഭാഗത്തിനായി 400000/- രൂപയും പട്ടിക ജാതി വിഭാഗത്തിനായി 600000/- രൂപയും പട്ടിക വർക്ഷ വിഭാഗത്തിനായി 200000/- രൂപയും നീക്കി വയ്ക്കുന്നു. ജവഹർ ഭവന പദ്ധതിയുടെ പലിശയിനത്തിൽ 2 ലക്ഷം രൂപയും വകകൊള്ളിക്കുന്നു. പി. എം. എ. വൈ പദ്ധതിയിൽ 46 വീടുകൾക്കായി 1.84 കോടി രൂപ വക കൊള്ളിക്കുന്നു. ഐ.എ.വൈ ഭവന പദ്ധതിയുടെ ലോൺ ഇനത്തിൽ തിരിച്ചടവായി 4.50 ലക്ഷം രൂപയും ലൈഫ് വന പദ്ധതിക്കായി 10 ലക്ഷം രൂപയും വകയിരുത്തുന്നു.

ആർദ്രം

പരിചരണത്തിനൊപ്പം പരിഗണനയും എന്ന സാമൂഹ്യ നീതിയിലധിഷ്ഠിതമായ കാഴ്ചപ്പാട് പങ്കുവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുമായി ചേർന്നു നിന്നുകൊണ്ട് ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന 2 സി.എച്ച്.സി.കളെയും ജനസൗഹൃദ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകളാണ് ഈ ഭരണസമിതിയുടെ തുടക്കം മുതൽ തന്നെ സ്വീകരിച്ചു പോന്നിട്ടുള്ളത്. സജീവമായ ഇടപെടൽ കൊണ്ട് സങ്കീർണ്ണമായ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട കാര്യമാണ്. മുൻ ഭരണ സമിതിയുടെ കാലത്ത് തുടങ്ങി വച്ച നിർമ്മാണജോലികൾ പൂർത്തീകരിച്ചതിനൊപ്പം ക്വാർട്ടേഴ്സിന്റെ അറ്റകുറ്റ പണികൾക്കായി 300000/- രൂപയും കെട്ടിട നവീകരണത്തിനായി 6.20 ലക്ഷം രൂപയും കഴിഞ്ഞ വർഷം ചിലവഴിച്ചിട്ടുണ്ട്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പടിപടിയായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചതും എല്ലാം പ്രധാന നേട്ടങ്ങളാണ്. ഈ ബഡ്ജറ്റിലും ഇതേ സമീപനങ്ങൾ തന്നെ പിന്തുടരുന്നു. രണ്ടു സി.എച്ച്.സി.കളെയും ഐ.എസ്.ഒ. മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്കും തുടക്കം കുറിയ്ക്കുകയാണ്. വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി 600000/- രൂപയും മരുന്ന് വാങ്ങുന്നതിനായി 400000/- രൂപയും വകയിരുത്തുന്നു. സെക്കണ്ടറി പാലിയേറ്റീവിനായി 6 ലക്ഷം രൂപയും പഞ്ചായത്ത്

വിഹിതമായി 400000/- രൂപയും നീക്കിവച്ചിരിക്കുന്നു. രണ്ട് സ്.എച്ച്.സി. കളുടെയും ദൈനംദിന ചിലവുകൾക്കായി ഏകദേശം 7 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. ഏതാണ്ട് 27 ലക്ഷം രൂപ ഈ മേഖലയ്ക്കായി മാത്രം നീക്കിവയ്ക്കുകയാണ്.

ക്ഷീരസമൃദ്ധി

കാർഷിക മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധികൾ നേരിടുമ്പോൾ പിടിച്ചു നിൽക്കാൻ ഒരളവു വരെ കർഷകരെ സഹായിച്ചു കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ക്ഷീരമേഖല. ക്ഷീരകർഷകരോളം കഠിനാദ്ധ്വാനവും കഷ്ടപ്പാടുകളും അനുഭവിക്കുന്ന മറ്റൊരു വിഭാഗവുമില്ല. എന്നാൽ അതിനനുസരണമായ ഒരു പ്രതിഫലം ഇതിലൂടെ ലഭിക്കുന്നുമില്ല. പാൽ സബ്സിഡിയ്ക്കായി 10 ലക്ഷം രൂപയും വനിതാ ക്ഷീര കർഷകർക്കായി കാലിത്തീറ്റ സബ്സിഡിയ്ക്കായി 7 ലക്ഷം രൂപയും വകയിരുത്തുന്നു. കേരള സർക്കാരിന്റെ ക്ഷീരസമൃദ്ധി പദ്ധതി പ്രകാരം 50 ലക്ഷം രൂപ ക്ഷീരകർഷകർക്കായി വകയിരുത്തുന്നു.

ഹരിതസമൃദ്ധി

ബ്ലോക്ക് പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ അതിസങ്കീർണ്ണമാണ്. ഭൂപ്രശ്നങ്ങൾ, കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച, കാട്ടുമൃഗ ശല്യം, കാലാവസ്ഥാ വ്യതിയാനം, പ്രളയം, വരൾച്ച തുടങ്ങി എത്രയെത്ര പ്രശ്നങ്ങൾ. എന്നാൽ ഏതെങ്കിലും പ്രശ്നങ്ങളുടെ അരികിൽ സ്പർശിക്കാൻ പോലും നമുക്കാവുന്നുമില്ല. വിഭവ പരിമിതിയാണ് പ്രശ്നം. എന്നാൽ ഉള്ള വിഭവങ്ങൾ ചേർത്തു വച്ച് പരമാവധി കർഷകരോട് ഒട്ടിനിൽക്കുവാൻ നമ്മൾ ശ്രമിയ്ക്കുകയാണ്. ഒപ്പം കാർഷിക മേഖലയിലേക്ക് കടന്നു വരുന്ന സ്ത്രീ കൂട്ടായ്മകളെ കൂടുതൽ ആകർഷിക്കുന്നതിനായി ഫലവൃക്ഷതൈകളുടെ വിതരണത്തിനും നെൽകർഷകർക്ക് കൂലിക്ക് സബ്സിഡിക്കുമായി 15 ലക്ഷം രൂപവേറെയും നീക്കിവയ്ക്കുന്നു.

കരുതൽ

സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഹരിത കേരളം പദ്ധതിയുമായി കൈകോർക്കുവാൻ തുടക്കം മുതൽ തന്നെ നമ്മൾ ശ്രമിച്ചിരുന്നു. അതിന്റെ ഭാഗമായി മുമ്പു തുടക്കമിട്ട പ്രവർത്തനങ്ങളുടെ തുടർച്ചയായി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ആർ. ആർ. എഫ് അടിസ്ഥാന സൗകര്യങ്ങൾക്കായി 5 ലക്ഷം രൂപയും ശുചിത്വമിഷനിൽനിന്ന് പ്രതീക്ഷിക്കുന്ന 20 ലക്ഷം രൂപയും ഉൾപ്പെടെ 25 ലക്ഷം രൂപ

നീക്കിവയ്ക്കുന്നു. അഗതി-ആശ്രയ പദ്ധതിയ്ക്കു വേണ്ടി പഞ്ചായത്തു വിഹിതമായി 4 ലക്ഷം രൂപയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പിനായി 2 ലക്ഷം രൂപയും വകകൊള്ളിക്കുന്നു.

ക്ഷേമം

ഭിന്നശേഷിക്കാരുടെ ക്ഷേമം ലഭ്യമാക്കി കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ ഒരു പ്രധാന പദ്ധതിയായിരുന്നു ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ. മുച്ചക്ര വാഹന വിതരണം എന്ന പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കാൻ വരുന്ന കാലതാമസവും മറ്റ് സങ്കീർണ്ണതകളും മൂലം ഈ പദ്ധതി തുടരുവാൻ ആവാത്ത സ്ഥിതിയുണ്ട്. ആയതിനാൽ ഈ മേഖലയിൽ മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയായ ഭിന്നശേഷിക്കാർക്ക് മെഡിക്കൽക്യപും ഉപകരണ വിതരണവും നൽകുന്ന പദ്ധതിയ്ക്കായി 10 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു. ശയ്യാവലംബരായ വയോജനങ്ങൾക്ക് ചലനോപകരണങ്ങളും ശ്രവണസഹായിയും നൽകുന്നതിന് 4 ലക്ഷം രൂപയും വകയിരുത്തുന്നു.

പശ്ചാത്തല വികസനം

ഗ്രാമീണ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നിർദ്ദേശിക്കുന്ന പരമാവധി വിഹിതം ഈ ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നു. ജനറൽ വിഭാഗത്തിൽ 52 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 20 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസനത്തിനായി 2 ലക്ഷം രൂപയും വിവിധ റോഡുകൾക്കായി വകകൊള്ളിക്കുന്നു. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായി 2 കോടി രൂപ പ്രതീക്ഷിക്കുന്നു. ടി തുക പശ്ചാത്തലമേഖലയ്ക്കും ജലസേചനം, കുടിവെള്ളം എന്നിവയ്ക്കുമായി നീക്കി വയ്ക്കുന്നു. യുവജനങ്ങളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും മാനസീകോല്ലാസത്തിനുമായി വിവിധ പഞ്ചായത്തുകളുമായി സഹകരിച്ച് കളിസ്ഥലങ്ങൾ/സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട തുക ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വിദ്യ

വിദ്യാഭ്യാസത്തിന്റെ ഏറ്റവും നല്ല ഒരു നിർവ്വചനം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണ്. കുട്ടികളുടെ സമഗ്രമായ വികസനമാണ് അതിലൂടെ ലക്ഷ്യമിടുന്നത്. അവസര തുല്യത, പങ്കാളിത്തം, ഗുണനിലവാരം, മാനവികത എന്നിവയ്ക്ക് മുന്തിയ പ്രാധാന്യം നൽകണം. പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ

പ്രശ്നങ്ങൾ അർഹിക്കുന്ന പ്രാധാന്യം നൽകി പൊതുധാരയിലേക്ക് കൊണ്ടുവരാൻ എല്ലാ പരിഷ്കൃത സമൂഹങ്ങൾക്കും ബാധ്യതയുണ്ട്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾക്കൊപ്പം വിദ്യയ്ക്കും വലിയ പ്രാധാന്യമുണ്ട്. വിദ്യയുണ്ടായാൽ മറ്റെല്ലാം അതിനോടൊപ്പം സ്വാഭാവികമായി തന്നെ വന്നുചേരും ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് പട്ടികജാതി പട്ടികവർക്ഷ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി മോശമല്ലാത്ത ഒരു തുക മാറ്റിവയ്ക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചത്. പട്ടികജാതിവിഭാഗം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായി 22 ലക്ഷം രൂപയുംപട്ടിക വർഗ്ഗവിഭാഗം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായി 4.50 ലക്ഷം രൂപയും വകയിരുത്തുന്നു.

സംസ്കൃതി

സംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരങ്ങളും അനാചാരങ്ങളും എല്ലാം അതിൽ പെടും. സമന്വയമായാലും സംഘർഷമായാലും ജാതിമത കേട്ടുപാടുകളായാലും അവയെല്ലാം സാംസ്ക്കാരിക നൂലുകളാലാണ് ബന്ധിതമായിരിക്കുന്നത്.

നവോത്ഥാന കാലത്ത് കേരളത്തിൽ സൃഷ്ടിക്കപ്പെട്ട പൊതു മണ്ഡലം തകർന്നു പോകുന്നു എന്നതാണ് സാംസ്ക്കാരിക മേഖലയിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പകരം ഭയഭരിതവും ഹിംസാത്മകവുമായ പൊതുമണ്ഡലം രൂപപ്പെട്ടുവരുന്നതിനെ ഉത്ക്കണ്ഠയോടെ മാത്രമേ നോക്കിക്കാണാനാവൂ. പ്രശസ്ത കർണ്ണാടക സംഗീതജ്ഞനായ ഡോ.ടി.എം.കൃഷ്ണ അദ്ദേഹത്തിന്റെ ഒരു പ്രഭാഷണത്തിനു നൽകിയ പേര് സ്വാതന്ത്ര്യത്തിലെ ഭയങ്ങൾ എന്നായിരുന്നു.

ഭയപ്പെടുത്തുന്ന ഈ സാംസ്കാരിക ചുറ്റുപാടുകളെ പ്രതിരോധിക്കുവാൻ, അതിജീവിക്കുവാൻ ചിതറിപ്പോകുന്ന മനുഷ്യ മനസ്സുകളെ ഒരുമിപ്പിക്കുവാൻ കലയ്ക്കല്ലാതെ, സാഹിത്യത്തിനല്ലാതെ ആവിഷ്കാരങ്ങൾക്കല്ലാതെ മറ്റെന്തിനു കഴിയും?

പരിമിതമായ ഇടപെടലുകൾക്കേ ബ്ലോക്കു പഞ്ചായത്തിനു കോപ്പുകളുള്ളൂവെങ്കിലും നമ്മളാലാവത് ചെയ്യാൻ ശ്രമിക്കുന്നു. സുവർണ്ണജൂബിലി ഫെലോഷിപ്പ് പദ്ധതിയ്ക്കായി 3 ലക്ഷം രൂപയും, കേരളോത്സവ നടത്തിപ്പിനായി 2 ലക്ഷം രൂപയും മാറ്റിവയ്ക്കുന്നു.

ജെൻഡർ ബജറ്റിംഗ്

ഐക്യരാഷ്ട്ര സഭയുടെ മില്ല്യനീയം ഡവലപ്മെന്റ് ഗോൾ എന്ന അജണ്ടയുടെ ഭാഗമായാണ് ജൻഡർ ബജറ്റിംഗ് പ്രചാരത്തിൽ വരുന്നത്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി സ്ത്രീ പ്രാമുഖ്യമുള്ള പദ്ധതികളും പ്രവർത്തനങ്ങളും തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്നുണ്ട്. വനിതാ സൗഹൃദ ബ്ലോക്കായി പ്രഖ്യാപിക്കപ്പെട്ട തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് വനിതകളുടെ ഉന്നമനത്തിനായി സ്ത്രീ സുരക്ഷയിൽ തുടങ്ങി വനിതാ വികസന പദ്ധതികളും, നൈപുണ്യ വികസനവും, തൊഴിൽ വികസനവും, ഉപജീവന സുരക്ഷയും ഉറപ്പു വരുത്തുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടത് നമ്മുടെ കർത്തവ്യമായി കരുതുന്നതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും പതിനെട്ടര ലക്ഷം രൂപ ഈ ഇനത്തിലെ പദ്ധതികൾക്കായി വകയിരുത്തുന്നു.

ടൂറിസം

ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന ടൂറിസ്റ്റ് സങ്കേതങ്ങളായ മുണ്ടൻമല, മുട്ടം പഞ്ചായത്തിലെ ശങ്കരപ്പിള്ളി പച്ചിലാംകുന്ന്, ഇടവെട്ടി പഞ്ചായത്തിലെ ഇടവെട്ടിച്ചിറ ഹൈഡൽ ടൂറിസവും നടപ്പാത നിർമ്മാണവും എന്നീ ടൂറിസം പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ടി പ്രദേശങ്ങളുടെ വികസനത്തിനായി ഡി.റ്റി.പി.സി. ആുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ഉപസംഹാരം

തൊടുപുഴ ബ്ലോക്കു പഞ്ചായത്തിന്റെ കഴിഞ്ഞ 2 വർഷത്തെ ഭരണകാലം എടുത്തു പറയേണ്ട ഒട്ടേറെ സവിശേഷതകളാൽ സമ്പന്നമാണ്. അതിൽ ഏറ്റവും പ്രധാനം ഭരണ പ്രതിപക്ഷ ഭേദമില്ലാതെ തുടർന്നു പോരുന്ന ഐക്യമാണ്. പരസ്പരം പോറലേൽപ്പിക്കുന്ന ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിന്റെ ഫലമായി ഒട്ടേറെ നേട്ടങ്ങളും ഈ ഭരണസമിതിക്ക് കൈവരിക്കാനായി. പുതിയ ആസ്ഥാന മന്ദിരം, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, പൗരാവകാശ രേഖയുടെ പുതുക്കൽ, രണ്ട് സി.എച്ച്.സി.കളുടെ അടിസ്ഥാന വികസനവും ജന സൗഹൃദ അന്തരീക്ഷവും, വേറിട്ടതും കരുണാർദ്രവുമായ വികസന സമീപനങ്ങൾ, സമഗ്രം-സുതാര്യം എന്ന് വിശേഷിപ്പിക്കാവുന്ന അഴിമതി രഹിത ഭരണ നിർവ്വഹണം എന്നിവയെല്ലാം അതിൽ പ്രധാനമാണ്.

സ്നേഹിതരേ,

അടിസ്ഥാന വികസനവും സാമ്പത്തിക വളർച്ചയും ഒരു ന്യൂനപക്ഷത്തിന്റെ ധനികവത്ക്കരണത്തിലേക്കും ഭൂരിപക്ഷത്തിന്റെ ദരിദ്രവത്ക്കരണത്തിലേക്കും നയിക്കപ്പെടാൻ പാടില്ല. വികസനത്തിന്റെയും സമ്പത്തിന്റെയും വളർച്ച മാത്രം പോരാ, അതിന്റെ നീതിപൂർവ്വമായ വിതരണവും സാധ്യമാവണം. അതു കഴിയണമെങ്കിൽ അനുയോജ്യമായ ഒരു സാമൂഹ്യ അന്തരീക്ഷം രൂപപ്പെടുകയും നിലനിൽക്കുകയും വേണം. ശാന്തിയും, സമാധാനവും സഹിഷ്ണുതയും അലയടിച്ചുയർന്ന നമ്മുടെ കാതുകളിൽ ഭയത്തിന്റെയും ഹിംസയുടെയും ചില മുഴക്കങ്ങൾ വന്നു വീഴുന്നുണ്ട്. വികസന പ്രക്രിയകളെ ഇതു പ്രതികൂലമായി ബാധിക്കും.

എന്നിരുന്നാലും ഒരുമിച്ചു നിന്ന് നാമിതിനെയെല്ലാം അതിജീവിക്കുക തന്നെ ചെയ്യും. ഒത്തിണക്കത്തോടെയും ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും സുതാര്യമായ പ്രവർത്തന ശൈലിയിലൂടെയും നാടിനു മാതൃകയാവുന്ന ഒരു ഭരണ സമിതിയായി നമുക്കിനിയും മുന്നോട്ടു പോകാം. ജനപ്രതിനിധികളും ജീവനക്കാരും ഒരുമിച്ച് കൈകോർത്ത് മുന്നേറാം. 2022-23 വർഷത്തെ **"ബഡ്ജറ്റ്"** ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ഗാന്ധിജിയെ സ്മരിച്ചുകൊണ്ടാണ് തുടങ്ങിയത്, ഗാന്ധിജിയെത്തന്നെ സ്മരിച്ചുകൊണ്ട് അവസാനിപ്പിക്കാം.

"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങൾ ഇല്ലതാനും."

തൊടുപുഴ
19.03.2021

എൻ.കെ ബിജു
വൈസ് പ്രസിഡന്റ് &
ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ബജറ്റ് 2022-2023

വിഭവസമാഹരണം

പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽസംസ്ഥാന സർക്കാരുകളിൽനിന്നും ബജറ്റ്വർഷംല ിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെവിവരങ്ങൾ

നോൺ പ്ലാൻവരവുകൾ

1.	തനത് ഫണ്ട്, (ജനറൽ പർപ്പസ് ഗ്രാന്റ്/മുൻബാക്കി ഉൾപ്പെടെ)	45,00,000
2.	ജനറൽ പർപ്പസ് ഗ്രാന്റ്	63,00,000
3.	ടെണ്ടർഫോറംവിൽപ്പന	7,00,000
4.	വാടക	1,00,000
5.	ബാങ്ക് പലിശവരവ്	6,00,000
6.	ഗുണഭോക്തൃവിഹിതം	2,00,000
7.	സെക്യൂരിറ്റി നിക്ഷേപങ്ങൾ	1,00,000
8.	ലേല വിറ്റ്വരവുകൾ/ പലവകകൾ	3,00,000
	നോൺ പ്ലാൻ ആകെ	1,21,00,000

പ്ലാൻ വരവുകൾ

	പദ്ധതി വിഹിതം :	
1.	ജനറൽ	1,28,49,000
2.	എസ്. സി. പി	49,41,000
3.	റ്റി. എസ്. പി	5,70,000
4.	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	2,00,00,000
5.	മെയിന്റനൻസ് ഗ്രാന്റ്	63,12,000
	സംസ്ഥാനാവിഷ്കൃത പദ്ധതികൾ	
1.	സമ്പൂർണ്ണ ശുചിത്വ പദ്ധതി /സ്വച്ഛ്ഭാരത് മിഷൻ	20,00,000
2.	വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതി	1,00,00,000
3.	സാക്ഷരതമിഷൻ	50,000
4.	എം.എൽ.എ.എസ്.ഡി.എഫ്/എ.ഡി.എസ്	50,00,000
5.	ക്ഷീരസമൃദ്ധി പദ്ധതി	20,00,000
6.	കേരളോത്സവം - യുവജനബോർഡ്	1,00,000
7.	കേന്ദ്ര - സംസ്ഥാന പദ്ധതികളുടെ പരിശീലന പരിപാടികൾ	2,00,000
8.	ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ	3,00,000
	സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആകെ	1,96,50,000

കേന്ദ്രാവിഷ്കൃത പദ്ധതികൾ		
1	എം.ജി.എൻ.ആർ.ഇ.ജി.എസ്	10,25,00,000
2	പി. എം. എ. വൈകേന്ദ്രവിഹിതം	55,20,000
3	നബാർഡ് ആർ. ഐ. ഡി. എഫ്	1,00,00,000
4	എം.പി.ലാഡ്സ്	50,00,000
5.	പി. എം. കെ. എസ്. വൈ പദ്ധതികൾ	1,00,00,000
6.	ഹെൽത്ത് ഗ്രാന്റ്	50,00,000
	കേന്ദ്രാവിഷ്കൃത പദ്ധതികൾ ആകെ	13,80,20,000
മറ്റ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ		
1.	പി. എം. എ. വൈ ഗ്രാമപഞ്ചായത്ത് വിഹിതം	30,91,200
2.	പി. എം. എ. വൈജില്ലാപഞ്ചായത്ത് വിഹിതം	46,36,800
മറ്റ്തദ്ദേശസ്വയം രണസ്ഥാപനങ്ങൾ ആകെ		77,28,000
ആകെമൊത്തം		21,53,70,000

(ആകെ ഇരുപത്തി ഒന്നു കോടി അൻപത്തി മൂന്നു ലക്ഷത്തി എഴുപതിനായിരം രൂപ)

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

ബജറ്റ് 2022-2023

വരവുകൾ

വരവിനം	2020-21 വർഷത്തെ യഥാർത്ഥ വരവുകൾ	നടപ്പ് വർഷത്തെ പുതിയ ബജറ്റ് (2021-22)	2022-23 വർഷത്തെ ബജറ്റ്
റവന്യു നികുതികൾ	ഇല്ല	ഇല്ല	ഇല്ല
ആകെ റവന്യു നികുതികൾ		ഇല്ല	ഇല്ല
നികുതിയിതര റവന്യു			
ജനറൽ പർപ്പസ് ഫണ്ട്			
ജനറൽ പർപ്പസ് ഫണ്ട് (തൻവർഷം ലഭിച്ചത്)	5032000	5636000	6300000
തനത് ഫണ്ട് (മുൻ ബാക്കി)	2793761	4999913	4500000
ആകെ ജനറൽ പർപ്പസ് ഫണ്ട്	7825761	10635913	10800000
കെട്ടിടങ്ങളിൽ നിന്നുള്ള വാടക	4320	100000	100000
ടെണ്ടർ ഫാറങ്ങൾ വിൽപ്പന	37955	700000	700000
മറ്റ് ലേല/വിറ്റ്വരവുകൾ	32901	300000	300000
സെക്യൂരിറ്റി – ഇ. എം. ഡി	35381	100000	100000
ഗുണഭോക്തൃ വിഹിതം	27680	0	200000
ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ വരവ്	240014	600000	600000
ആകെ നികുതിയിതര റവന്യു	378251	1800000	2000000
ആകെ തനത് ഫണ്ട്	8204012	12435913	12800000
വികസന ഫണ്ട്			
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	5378901	6901099	20000000
ഡവലപ്മെന്റ് ഫണ്ട് ജനറൽ	18350744	11046685	12849000
ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി	3816219	4945781	4941000
ഡവലപ്മെന്റ് ഫണ്ട് റ്റി.എസ്.പി	1066275	566811	570000
ആകെ	28612139	23460376	38360000

സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മെയിൻറനൻസ്ഗ്രാൻറ് (റോഡിതരം)	2918182	4109247	6312000
ശുചിത്വമിഷൻ	557369	500000	2000000
കേന്ദ്ര – സംസ്ഥാന പരിശീലന പരിപാടികൾ	0	200000	200000
കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽനിന്നുള്ള വരവ്)	0	0	100000
സാക്ഷരതമിഷൻ	0	0	50000
എം. എൽ. എ. എസ്. ഡി. എഫ്/എ. ഡി. എസ്	0	0	5000000
ക്ഷീരസാഗരം പദ്ധതി	0	0	2000000
വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതി	0	4800000	10000000
ബ്ലോക്ക് ഇൻഫർമേഷൻ സെൻറർ	0	290000	300000
ആകെ	3475551	9899247	25962000
കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ			
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	102142000	90000000	100000000
പി. എം. എ. വൈ (കേന്ദ്രവിഹിതം)	6500000	4320000	5520000
എം. പി. ലാഡ്സ്	0	0	5000000
പി. എം. കെ. എസ് വൈ	2316038	16100792	10000000
നബാർഡ് – ആർ. ഐ. ഡി. എഫ്	0	0	10000000
ആകെ	110958038	110420792	130520000
മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ			
പി. എം. എ. വൈ ജില്ലാ പഞ്ചായത്ത് വിഹിതം	1553454	5701000	4636800
പി. എം. എ. വൈ ഗ്രാമ പഞ്ചായത്ത് വിഹിതം	749688	2195000	3091200
ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ	2303142	7896000	7728000
ആകെ വരവുകൾ	153552882	164112328	215370000

ചിലവിനം	2020–21 വർഷത്തെ യഥാർത്ഥ വരവുകൾ	നടപ്പ് വർഷത്തെ പുതിയ ബജറ്റ് (2021–22)	2022–23 വർഷത്തെ ബജറ്റ്
തനത് റവന്യുവിൽ നിന്നുള്ള നിർബ്ബന്ധിത ചെലവുകൾ			
എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ			
ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം	16470	116660	337000
സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി	8375	10000	10000
ദിവസ വേതനക്കാർക്കുള്ള യാത്രാപടി	0	0	27000

ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത	0	8000	8000
സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ്	1410	1700	2000
പ്രസിഡൻറിൻറെ ഹോണറെറിയം	136753	1862000	198000
പ്രസിഡൻറിൻറെ ടെലിഫോൺ അലവൻസ്	1410	1769	6000
വൈസ് പ്രസിഡൻറിൻറെഹോണറെറിയം	119777	156700	174000
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറെറിയം	245655	349800	360000
മെമ്പർമാരുടെ ഹോണറെറിയം	599963	809600	864000
വൈസ് പ്രസിഡൻറിൻറെ ടെലിഫോൺ അലവൻസ്	1410	1700	3000
പ്രസിഡൻറിൻറെ സിറ്റിംഗ് അലവൻസ്	8000	11000	15000
വൈസ് പ്രസിഡൻറിൻറെ സിറ്റിംഗ് അലവൻസ്	5000	8250	15000
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ്	19900	27250	45000
മെമ്പർമാരുടെ സിറ്റിംഗ് അലവൻസ്	31800	53400	120000
പ്രസിഡൻറിൻറെ യാത്രപ്പടി	8000	0	10000
വൈസ് പ്രസിഡൻറിൻറെ യാത്രപ്പടി	0	0	10000
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി	0	0	36000
മെമ്പർമാരുടെ യാത്രപ്പടി	7630	7000	72000
ആകെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ	**1211553**	**3424829**	**2312000**
ഭരണപരമായ ചെലവുകൾ			
ഓഫീസ് മെയിൻറനൻസ്	76806	27938	100000
ഓഫീസിൻറെ വൈദ്യുതി ചാർജ്ജ്	23213	25227	35000
ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ	9221	0	10000
ഘടക സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്	10060	0	10000
മറ്റ് ഓഫീസ് ചിലവുകൾ	395310	270732	400000
ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ്	58608	41440	50000
കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ ചാർജ്ജ്	16116	7695	15000
പ്രസിദ്ധീകരണങ്ങൾ , ദിനപത്രങ്ങൾ , പുസ്തകങ്ങൾ	30543	45000	45000
പ്രിന്റീങ് ചിലവുകൾ	20206	3250	20000
സ്റ്റേഷനറി ചിലവുകൾ	36231	19969	35000
കേരളോത്സവം	0	0	100000
ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക	16609	25299	60000
ഓഡിറ്റ് ഫീസ്	4000	0	5000
പത്ര പരസ്യം	18880	12639	20000
മറ്റ് ഭരണപരമായ ചെലവുകൾ	63502	40000	100000

ഐ. എസ്. ഓ സർട്ടിഫിക്കേഷൻ	0	30000	25000
പ്രസിഡൻടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ്	0	0	180000
ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ്	147597	140100	180000
ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്തതിൻറെ ചിലവ്	26700	333565	10000
വാഹനങ്ങളുടെ റിപ്പയർ, മെയ്ന്റനൻസ് ചെലവുകൾ	42298	32730	50000
തേയ്മാന നഷ്ടം	0	0	10000
ഓഫീസ് ഉപകരണങ്ങളുടെ റിപ്പയർ ചിലവ്	48314	33850	50000
ആകെ ഭരണപരമായ ചെലവുകൾ	**1044214**	**1089434**	**1510000**
ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ			
പദ്ധതി ചെലവുകൾ	0	2265468	1000000
ഗുണഭോക്തൃവിഹിതം	0	0	200000
സെക്യൂരിറ്റി/ഇ. എഫ്. ഡി	0	0	100000
ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ	0	2265468	1300000
വികസന ഫണ്ട്			
വികസന ഫണ്ട് (ജനറൽ)			
ഉത്പാദന മേഖല പദ്ധതികൾ	5292646	2581879	3854700
സേവന മേഖല പദ്ധതികൾ	9609321	6529350	3212250
പശ്ചാത്തല മേഖല പദ്ധതികൾ	3448777	1935456	5782050
വികസന ഫണ്ട് (പട്ടികജാതി വിഭാഗം)			
ഉത്പാദന മേഖല പദ്ധതികൾ	0	0	1482300
സേവന മേഖല പദ്ധതികൾ	3223372	4268027	1235250
പശ്ചാത്തല മേഖല പദ്ധതികൾ	592847	677754	2223450
വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം)			
ഉത്പാദന മേഖല പദ്ധതികൾ	0	0	171000
സേവന മേഖല പദ്ധതികൾ	826664	566811	1425000
പശ്ചാത്തല മേഖല പദ്ധതികൾ	239611	0	256500
ധനകാര്യ കമ്മീഷൻ ഗ്രാൻറ്	5378901	6901099	20000000
ആകെ	**28612139**	**23460376**	**39642500**
സംസ്ഥാനാവിഷ്കൃത	പദ്ധതി ഫണ്ടുകൾ		
മെയ്ന്റനൻസ് – റോഡിതര ആസ്തികൾ	2778704	4109247	6312000
ശുചിത്വമിഷൻ	0	0	2000000
കേന്ദ്ര – സംസ്ഥാന പരിശീലന പരിപാടികൾ	0	200000	200000

കേരളോത്സവം (യുവജന ക്ഷേമ ബോര്ഡില് നിന്നുള്ള വിഹിതം)	0	0	100000
സാക്ഷരതമിഷൻ	0	0	50000
ക്ഷീരസമൃദ്ധി പദ്ധതി	0	0	2000000
എം. എൽ. എ. എസ്. ഡി. എഫ്/എ. ഡി. എസ്	0	0	5000000
വെള്ളപ്പൊക്കദുരിതാശ്വാസ പദ്ധതി	0	0	10000000
ബ്ലോക്ക് ഇൻഫർമേഷൻ സെൻറർ	0	290000	300000
ആകെ	2778704	4599247	25962000
കേന്ദ്രാവിഷ്കൃത പദ്ധതികൾ			
മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി	102142000	90000000	100000000
പി. എം. എ. വൈ (കേന്ദ്രവിഹിതം)	6500000	4320000	5520000
എം. പി. ലാഡ്സ്	0	0	5000000
നബാർഡ് – ആർ. ഐ. ഡി. എഫ്	0	0	10000000
ഹെൽത്ത് ഗ്രാൻറ്	0	0	5000000
പി. എം. കെ. എസ്. വൈ	2291088	16100792	10000000
ആകെ	110933088	110420792	135520000
മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ			
പി. എം. എ. വൈ ജില്ലാ പഞ്ചായത്ത് വിഹിതം	1553454	5701000	4636800
പി. എം. എ. വൈ ഗ്രാമ പഞ്ചായത്ത് വിഹിതം	749688	2195000	3091200
ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ	2303142	7896000	7728000
ആകെ ചെലവുകൾ	146882840	153156146	213974500
നീക്കിയിരിപ്പ്			1395500